"ഭരണഭാഷ-മാതൃഭാഷ"

DWCD/4989/2025-ICDSB6

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 19-08-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**പരിപത്രം**

വിഷയം:- വനിത ശിശുവികസന വകുപ്പ്- അങ്കണവാടികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്ന തുക സമയബന്ധിതമായി മാറി നൽകുന്നത് -നിർദേശം-സംബന്ധിച്ച്:-

സൂചന:-
1. വനിതാ ശിശു വികസന ഡയറക്ടറുടെ 21/03/2025 ലെ DWCD/2039/2025-ICDSB6 നം പരിപത്രം
2. 08/08/2025 ലെ ബഹു ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന പ്രോഗ്രാം ഓഫീസർമാരുടെ റിവ്യൂ മീറ്റിംഗ്

അങ്കണവാടികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി വഹിക്കേണ്ട ചെലവുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ യഥാസമയം മാറി നൽകണമെന്നും ആയതു പാലിക്കുന്നുണ്ട് എന്ന് ശിശു വികസന പദ്ധതി ആഫീസർമാരും പ്രോഗ്രാം ആഫീസർമാരും ഉറപ്പാക്കേണ്ടതുമാണെന്നു സൂചന 1 പ്രകാരം നിർദേശം നൽകിയിരുന്നു. കൂടാതെ എസ് എൻ പി, SAG, പോഷകബാല്യം മുതലായവയുടെ ഭാഗമായി അങ്കണവാടിപ്രവർത്തകർ ചെറുകിട കച്ചവടക്കാരുടെ പക്കൽ നിന്നും വാങ്ങുന്ന പച്ചക്കറി മുതലായ ഇനങ്ങൾക്ക് GST ബിൽ ലഭ്യമല്ലാത്ത പക്ഷം ക്രമപ്രകാരമുള്ള വൗച്ചർ പരിഗണിക്കേണ്ടതാണ് എന്നും, . ടി ബില്ലുകൾ അങ്കണവാടി പ്രവർത്തകർക്ക് യഥാസമയം മാറി നൽകുന്നു എന്നു കാര്യാലയ മേധാവികൾ ഉറപ്പാക്കേണ്ടതാണെന്നും, ആയത് ജില്ലാ തല പ്രതിമാസ യോഗങ്ങളിൽ അജണ്ടയിനമായി ഉൾപ്പെടുത്തി ഉറപ്പുവരുത്തേണ്ടതാണെന്നും സൂചന (1) പരിപത്രം പ്രകാരം നിർദേശം നൽകിയിട്ടുണ്ട്.

ഭക്ഷ്യ വസ്തുക്കളുടെ വിലയിനത്തിൽ ഓരോ മാസവും പല സമയങ്ങളിലായി വരുന്ന ബില്ലുകൾ/വൗച്ചറുകൾ എന്നിവ പരിഗണിക്കാതെ ഒരു മാസത്തേക്ക് ഈ ഇനത്തിൽ വരുന്ന ചെലവ് ഒറ്റ ബില്ലാക്കി നൽകണമെന്ന് ചില നിർവ്വഹണ ഉദ്യോഗസ്ഥർ അങ്കണവാടി പ്രവർത്തകരെ നിർബന്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്.എൻ.പി-യുടെ ഭാഗമായി വാങ്ങുന്ന പച്ചക്കറി പോലെയുള്ള വളരെ വേഗം കേടുവരുന്ന (പെരിഷബിൾ) ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുന്നതിനുള്ള ശീതീകരണസംവിധാനങ്ങൾ നിലവിൽ അങ്കണവാടികളിൽ ഇല്ലാത്ത സാഹചര്യത്തിൽ, ഇത്തരം ഭക്ഷ്യ വസ്തുക്കളുടെ ബില്ലുകൾ/വൗച്ചറുകൾ എന്നിവ ഒറ്റ ബില്ലാക്കി നൽകണമെന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമീപനം ഒഴിവാക്കി അങ്കണവാടി പ്രവർത്തകർ ബില്ലുകൾ/വൗച്ചറുകൾ എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ ബില്ലുകൾ മാറിനൽകുന്നുണ്ടെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ
for